**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **08-10-2024 - ൽ മറുപടിയ്ക്ക്**

**മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് (നം.984) നടത്തിയ ചിട്ടിയിൽ ലഭിക്കുന്ന തുക അവിടെത്തന്നെ സ്ഥിര നിക്ഷേപമായി മാറ്റാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബാങ്കിന്റെ തത്തിയൂർ ബ്രാഞ്ചിൽ 9/17-10 പ്രകാരം ചിട്ടിയിൽ ചേർന്നവർ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരിൽ എത്ര പേർക്ക് സ്ഥിര നിക്ഷേപ തുക മടക്കി നൽകി; | (ബി) | സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്.<br><br>നിക്ഷേപം നടത്തിയവരിൽ 8 പേർക്ക് നിക്ഷേപ തുക മടക്കി നൽകിയിട്ടുണ്ട്. |
| (സി) | അതുല്യ രാജൻ എന്ന വ്യക്തിക്ക് നൽകേണ്ട 4,75,639 രൂപ 31.08.2024 ന് മുൻപ് കൊട്ടുത്തു തീർക്കുമെന്ന് ബാങ്ക് അധികൃതർ സർക്കാരിനെ അറിയിച്ചിരുന്നോ; അതനുസരിച്ച് തുക മടക്കി നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | അതുല്യ രാജൻ എന്ന വ്യക്തിക്ക് നൽകേണ്ട 4,75,639/- രൂപ 31/08/2024 ന് മുൻപ് കൊടുത്ത് തീർക്കുമെന്ന് ബാങ്ക് അധികൃതർ സർക്കാരിനെ അറിയിച്ചിരുന്നുവെങ്കിലും, ബാങ്കിന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ച മൂലം നാളിതുവരെ തുക മടക്കി നൽകിയിട്ടില്ല. |
| (ഡി) | ഇതേവരെ തുക നൽകാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ ബാങ്കിന്റെ ഭരണ സമിതി അംഗങ്ങളിൽ നിന്നും ഈ തുക ഈടാക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ